**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടിനു പുറത്തുവച്ചുണ്ടാകുന്ന കാട്ടുപന്നി, ആന, പാമ്പ് തുടങ്ങിയ ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാര ലഭ്യതയ്ക്ക് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | വന്യമൃഗങ്ങൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകി വന്നിരുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങൾ പ്രകാരമാണ്. ഇത് പ്രകാരം അതാത് പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കോ വൈൽഡ് ലൈഫ് വാർഡനോ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം അപകടത്തിന് ഹേതുവായ സംഭവം നടന്ന് ആറ് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണം സംഭവിച്ചാൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അപേക്ഷയുടേയും ബന്ധപ്പെട്ട ഡോക്യുമെന്റുകളുടേയും പരിശോധനയ്ക്ക് ശേഷം അർഹതപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ